സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി

18(*108) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഇതുമൂലം സപ്ലൈകോയുടെ വിപണി ഇടപെടൽ പൂർണ്ണമായും സ്തംഭിച്ചിട്ടുണ്ടോ; ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകൾ വഴിയുള്ള അവശ്യ സാധന വിതരണം സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്ത അവശ്യ സാധനങ്ങളുടെ വിലയും ഇപ്പോഴുള്ള വിലയും തമ്മിൽ താരതമ്യം ചെയ്യുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല. അവശ്യ വസ്തുക്കളുടെ പൊതു വിപണിവില പിടിച്ചുനിർത്തുവാൻ ഉദ്ദേശിച്ചുള്ള സപ്ലൈകോയുടെ വിപണി ഇടപെടൽ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(ബി) സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകൾ വഴിയുള്ള അവശ്യസാധന വിതരണം സ്തംഭിച്ചിട്ടില്ല.

(സി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർ നിശ്ചയിച്ചിരുന്നു. ഇരു ഗുണകരമായ മാറ്റം പൊതുവിപണിയിൽ വരുത്തിയിട്ടുണ്ട്. വിലയുടെ വിശദാംശം അനുബന്ധം I & II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly